തിരുവല്ലം, കല്ലിയൂർ വില്ലേജുകളിലെ കണ്ടുകൃഷി ഭൂമിയുടെ പതിവു നടപടി

1264 [2260] ശ്രീ. എൻ. ശക്തൻ നാടാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലം, കല്ലിയൂർ വില്ലേജുകളിലെ കണ്ടുകൃഷി ഭൂമിയുടെ പതിവു നടപടി പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഈ വില്ലേജുകളിൽ പതിവു നടപടി പൂർത്തിയാക്കാത്തതിന്റെ ഫലമായി വില്ലേജ് രജിസ്റ്ററിൽ ചേർക്കാതെ കിടപ്പുള്ള കണ്ടുകൃഷി ഭൂമി ഇനം തിരിച്ച് ഓരോ വില്ലേജിലും എത്ര ഏക്കർ ബാക്കിയുണ്ടെന്നു വ്യക്തമാക്കുമോ;

(സി) ഭൂമി പതിച്ചുകിട്ടുന്നതിന് 23 വർഷങ്ങൾക്കുമുൻപ് നഷ്ടപ്രതിഫലം കെട്ടിവച്ചിട്ടുള്ളവർക്ക് പട്ടയം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) നെയ്യാറിൻകര സ്പെഷ്യൽ തഹസീൽദാർ ഓഫീസിൽ നിന്നും തിരുവനന്തപുരം തഹസീൽദാർ ഓഫീസിൽ ഏൽപ്പിച്ചതും ഇപ്പോൾ കാണാതായിരിക്കുന്നതുമായ ഫയലുകൾ, അവാർഡ് രജിസ്റ്റർ, ചെല്ലാൻ രജിസ്റ്റർ, പട്ടയ രജിസ്റ്റർ മുതലായവ കണ്ടു പിടിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കണ്ടുകൃഷി ചട്ടങ്ങളിലെ ചട്ടം 10 (എ) അനുസരിച്ച് കണ്ടുകൃഷി ഭൂമി പതിച്ചു കിട്ടാനുള്ള അപേക്ഷ അതാത് തഹസീൽദാർ മുൻപാകെ 31–12–1970–നോ അതിനു മുൻപോ സമർപ്പിച്ചിരിക്കേണ്ടതാണ്. അപ്രകാരം സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൻമേൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 18 അനുസരിച്ച് കാലാവധി കഴിഞ്ഞ് സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളെ സംബന്ധിച്ചാണെങ്കിൽ ടി ചട്ടമനുസരിച്ച് മേൽ നടപടികളെടുക്കുന്നതാണ്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഇപ്രകാരം ഉള്ള കേസുകൾ വല്ലതും ഉണ്ടെങ്കിൽ അതിൻമേൽ അടിയന്തിര നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട തഹസീൽദാർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(ഡി) നെയ്യാറിൻകര സ്പെഷ്യൽ തഹസീൽദാർ ആഫീസിൽ നിന്നും തിരുവനന്തപുരം തഹസീൽദാർ ഓഫീസിൽ ഏൽപ്പിച്ച ബന്ധപ്പെട്ട റിക്കാർഡുകൾ ശീപണ്ടാര വക സ്പെഷ്യൽ തഹസീൽദാരെ (നമ്പർ 2) ഏൽപ്പിക്കുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

കടലാക്രമണം മൂലമുള്ള നാശനഷ്ടം

1265 [2265] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്തകാലത്തുണ്ടായ കടലാക്രമണം മൂലമുള്ള നഷ്ടം നികത്തി തരുന്നതിന് കേന്ദ്രത്തോട് സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സഹായം എന്നത്തേയ്ക്ക് ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല. കടലാക്രമണം മൂലം ദുരിതമനുഭവിക്കുന്ന പ്രദേശങ്ങളിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള ചെലവ് കേന്ദ്ര ഗവൺമെൻറിൽ നിന്നും എല്ലാവർഷവും ലഭിക്കാറുള്ള മാർജിൻ മണിയിൽ നിന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

വഹിക്കുന്നത്. കൂടുതൽ തുക ആവശ്യമായി വരുമ്പോൾ കേന്ദ്ര ഗവൺമെൻറിനോട് സഹായം ആവശ്യപ്പെടുന്നതാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

സംഘടിത വ്യവസായ മേഖല

1266 [2279] ശ്രീ. സി. ടി. കൃഷ്ണൻ:

,, സി. വാസുദേവമേനോൻ:

,, പി. സി. തോമസ് (കടുത്തുരുത്തി): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സംഘടിത വ്യവസായ മേഖലയായി വളർത്തുവാൻ തിരഞ്ഞെടുത്ത കേന്ദ്രങ്ങൾ ഏവ;

(ബി) പാലക്കാട്, പുതുശ്ശേരി, കഞ്ചിക്കോട് മേഖലയിൽ എത്ര ഹെക്ടർ സ്ഥലമാണ് വ്യവസായമേഖലയ്ക്ക് വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിൽ എത്ര ഹെക്ടർ സ്ഥലം ഈ സർക്കാർ വന്നശേഷം പൊന്നുംവിലയ്ക്കെടുത്തിട്ടുണ്ട്;

(ഡി) ഇപ്പോൾ എത്ര ഹെക്ടർ സ്ഥലം പൊന്നുംവിലയ്ക്കെടുക്കുവാൻ റവന്യൂ അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വ്യവസായരഹിത ജില്ലകളായ വയനാട്ടിലും, ഇടുക്കിയിലും വ്യവസായ വികാസ കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പാലക്കാട് പുതുശ്ശേരി മേഖലയിൽ ഉദ്ദേശം 705.584 ഹെക്ടർ സ്ഥലമാണ് വ്യവസായ ആവശ്യത്തിനു വേണ്ടി ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) ഇതിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 186.199 ഹെക്ടർ സ്ഥലം അക്വയർ ചെയ്തുകഴിഞ്ഞു.

(ഡി) കൂടുതൽ സ്ഥലം പൊന്നുംവിലയ്ക്കെടുക്കുവാൻ റവന്യൂ അധികാരികളോട് ഇതേവരെ ആവശ്യപ്പെട്ടിട്ടില്ല.

കെൽട്രോൺ ചെയർമാൻ

1267 [2289] ശ്രീ. സി. വാസുദേവമേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ ചെയർമാനായി ആരാണ് ഇപ്പോൾ നിയമിതനായിട്ടുള്ളത്;

(ബി) എത്ര വർഷത്തേക്കാണ് ഈ നിയമനം;

(സി) അദ്ദേഹത്തിൻെറ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേന്ദ്ര കമ്മ്യൂണിക്കേഷൻസ് സെക്രട്ടറിയായിരുന്ന ശ്രീ. കെ. തോമസ് കോര.

(ബി) മൂന്നു വർഷത്തേക്ക്.

(സി) കേന്ദ്ര ബ്യൂറോ ഓഫ് പബ്ലിക് എൻറർപ്രൈസ് നിശ്ചയിച്ചിട്ടുള്ള ഷെഡ്യൂൾ 'എ' ഗ്രേഡിൽപ്പെട്ട സേവന–വേതന വ്യവസ്ഥയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly